15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1321 — 19-06-2024 - ൽ മറുപടിയ്ക്ക്

പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കെ.ആർ.എഫ്.ബി.യുടെ നിർവഹണ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പള്ളിക്കമണ്ണടി-കുമ്മല്ലൂർ പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കിഫ്ബി ഫണ്ട് വിനിയോഗിച്ചു കൊണ്ട് കെ.ആർ.എഫ്.ബി - പി.എം.യു മുഖേന നടപ്പിലാക്കുന്ന പാലം പ്രവൃത്തിയാണ് പള്ളിക്കമണ്ണടി കുമ്മല്ലൂർ പാലങ്ങളുടെ നിർമ്മാണം. പ്രസ്തുത പ്രവൃത്തിക്കായി 10.07.2017 തീയതിയിലെ GO(Rt)No.942/2017/PWD പ്രകാരം 12 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ടായിരുന്നു തുടർന്ന് 06.11.2020 തീയതിയിലെ GO(Rt)No.924/2020/PWD പ്രകാരം പദ്ധതിയുടെ പേര് കുമ്മല്ലൂർ പള്ളിക്കമണ്ണടി പാലം നിർമ്മാണം എന്ന് പുനർനാമകരണം ചെയ്തു 15.70 കോടി രൂപയുടെ പുതുക്കിയ തത്വത്തിലുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. കിഫ്ബിയുടെ 20.10.2023 തീയതിയിലെ ഉത്തരവ് പ്രകാരം 12.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശപ്രകാരം 11.12 കോടി രൂപയുടെ എസ്റ്റിമേറ്റ് സാങ്കേതിക അനുമതിക്കായി സമർപ്പിച്ചിരുന്നു. ടി എസ്റ്റിമേറ്റ് 12.01.2024 തീയതിയിൽ കൂടിയ 148-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും ഭേദഗതികൾ നിർദ്ദേശിച്ച പ്രകാരമുള്ള തിരുത്തലുകൾ വരുത്തിയ എസ്റ്റിമേറ്റ് 28.02.2024 തീയതിയിൽ കൂടിയ 153-ാം ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചിരുന്നു. കമ്മിറ്റി നിർദ്ദേശങ്ങൾക്കനുസൃതമായിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള 10.09 കോടി രൂപയുടെ എസ്റ്റിമേറ്റിന് 12.06.2024 തീയതിയിൽ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയിൽ നിന്നും TS ഫയൽ, പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ് (PED) എന്നിവയുടെ അംഗീകാരം |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയും . |
| (ബി) | പള്ളിക്കമണ്ണടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിൽ വരുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | എങ്കിൽ തുടർനടപടികളിന്മേലുള്ള കാലതാമസം ഒഴിവാക്കി എത്രയും വേഗം സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ